റഫീക്ക് അഹമ്മദ്




# കണ്ടൽപ്പാർക്ക് പ്രവർത്തനം ഭാഗികമാക്കി

സന്ദീപ്

**പരിസ്ഥിതിയെ** ദൂർബലപ്പെടുത്തി കണ്ണൂർ പഴയങ്ങാടിയിൽ സ്ഥാപിച്ച കണ്ടൽപ്പാർക്കിന്റെ പ്രവർത്തനം ഭാഗികമായി ചുരുക്കി. പാർക്കിന്റെ പ്രവർത്തനം നിർത്തിവെച്ച് കണ്ടൽ വനങ്ങൾ സംരക്ഷിക്കണമെന്ന ആവശ്യവുമായി പരിസ്ഥിതി പ്രവർത്തകർ നടത്തിയ സമരങ്ങൾ ഇതിലൂടെ വിജയം കണ്ടിരിക്കുകയാണ്. പാർക്കിനെതിരെ നൽകിയ പരാതികൾ ഇപ്പോൾ സുപ്രീം കോടതിയുടെ പരിഗണനയിലാണ്. ആഗസ്ത് 31ന് പാർക്കിൽ വാണിജ്യ പ്രവർത്തനങ്ങൾ പാടില്ലെന്ന് സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതുപ്രകാരമാണ് പാർക്കിലെ പ്രവർത്തനങ്ങൾ നിയന്ത്രണ വിധേയമാക്കിയിരിക്കുന്നത്. സന്ദർശകരെ ഭാഗികമായി മാത്രമേ ഇപ്പോൾ പാർക്കിനകത്തേക്ക് പ്രവേശിപ്പിക്കുന്നുള്ളു. 10 രൂപ പ്രവേശന ഫീസ് ഉണ്ടായിരുന്നത് നിർത്തലാക്കി. പാർക്കിലുണ്ടായിരുന്ന റെസ്റ്റോറന്റും അക്വേറിയവും പ്രവർത്തിക്കുന്നില്ലെന്ന് പാപ്പിനിശേരി ഇക്കോടൂറിസം സൊസൈറ്റി സെക്രട്ടറി അജയകുമാർ പറഞ്ഞു.

ഏപ്രിൽ നാലിനാണ് പാപ്പിനിശേരി ഇക്കോടൂറിസം സൊസൈറ്റിയുടെ കീഴിൽ വളപട്ടണം പുഴയോരത്തെ ഇടതൂർന്ന് നിർക്കുന്ന കണ്ടൽക്കാടുകൾക്കിടയിൽ 12 ഏക്കർ സ്ഥലത്ത് പാർക്ക് പ്രവർത്തനം ആരംഭിച്ചത്. തീരദേശ നിയന്ത്രണ പരിധിയിൽ പെടുന്ന സ്ഥലത്താണ് പാർക്ക് നിർമ്മിച്ചിട്ടുള്ളതെന്നും കണ്ടൽക്കാടുകൾക്ക് പാർക്ക് ഭീഷണിയാണെന്നും വിവിധ ഭാഗങ്ങളിൽ നിന്ന് ആരംഭം മുതലേ ആരോപണം ഉയർന്നിരുന്നു. പരിസ്ഥിതി പ്രവർത്തകർ അടക്കമുള്ളവർ അയച്ച പരാതിയുടെ അടിസ്ഥാനത്തിൽ പാർക്കിന്റെ പ്രവർത്തനം നിർത്തിവെക്കാൻ കേന്ദ്രപരിസ്ഥിതി മന്ത്രാലയം നിർദ്ദേശിച്ചു. പിന്നീട് പാർക്ക് പൂട്ടിയ നടപടി ഹൈക്കോടതി നിർത്തലാക്കുകയും ഇതിനെതിരെ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം സുപ്രീം കോടതിയെ സമീപിക്കുകയും ചെയ്തിരുന്നു.

ടൂറിസത്തിന്റെ പേരിൽ പരിസ്ഥിതിയെ നശിപ്പിക്കുന്ന കച്ചവട ചിന്താഗതിക്കെതിരെയുള്ള വിജയമാണ് കണ്ടൽപ്പാർക്കിന്റെ പ്രവർത്തനം നിർത്തിവെച്ചതിലൂടെ ഉണ്ടായിരിക്കുന്നത്.

ആരോഗ്യ സേവന രംഗത്ത് തൃക്കാക്കരയുടെ
മാതൃകയും ജനകീയ കൂട്ടായ്മയുടെ വിജയവും

തൃക്കാക്കര ഗ്രമപഞ്ചായത്ത്
സഹകരണ ആശുപത്രി

ക്ലിപ്തം നമ്പർ- ഇ-993
കാക്കനാട്, കൊച്ചി-30
ഫോൺ- 0484 2423310, 2428310, 2422996, 2108320
email- tgpc.hospital@gmail.com